സംസ്ഥാന ജലപാതയിൽ നബാർഡ്, സംസ്ഥാന ഫണ്ട്, 13-ാം ധനകാര്യകമ്മീഷൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. വ്യത്യസ്ത ഭാഗങ്ങളിൽ പ്രവൃത്തികളിൽ ചിലത് പൂർത്തീകരിച്ചും ബാക്കിയുള്ളവ പുരോഗമിച്ചും വരുന്നു. പ്രസ്തുത പാതകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗത യോഗ്യമാകുന്ന മുറയ്ക്ക് വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ

193 (2473) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി എത്ര ലേബർ ക്യാമ്പുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനകം എത്ര ക്യാമ്പുകൾ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം ക്യാമ്പുകളുടെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചു; എത്ര തുക ചെലവഴിച്ചു;

(സി) പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്റർ പ്രകാരം സംസ്ഥാനത്തെ അന്യദേശ തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ നിർമ്മിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ കേരളയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്ന-ഘർ പദ്ധതി. അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നൽകുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്രാ ഐ.ഐ.റ്റി.പി., കഞ്ചിക്കോടിൽ (കിൻഫ്രയിൽ നിന്നും സ്ഥലം ലീസിന് എടുത്ത്) 42,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഗ്രൗണ്ട് + 3 പാർപ്പിട സമുച്ചയം എല്ലാ സൗകര്യങ്ങളോടും കൂടി നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 2016 മാർച്ച് 31-ഓടുകൂടി ഒന്നാംഘട്ട പണി പൂർത്തിയാക്കി തൊഴിലാളികൾക്ക് താമസ സൗകര്യത്തിന് വിട്ടുനൽകുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപ്ന-ഘർ പദ്ധതിക്കുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടിരൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടിരൂപയും അനുവദിച്ചു. 2015-16 സാമ്പത്തിക വർഷത്തിലെ 3 കോടിരൂപയുള്ള ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇതുവരെ അനുവദിച്ച 5.5 കോടി രൂപയിൽ 3 കോടിരൂപ ചെലവായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിലെ കണക്കുകൾ പ്രകാരം 134177-ൽപ്പരം ഇതര സംസ്ഥാന തൊഴിലാളികൾ 2015 ഒക്ടോബർ 30 വരെ സംസ്ഥാനത്ത് എത്തിയതായി കണക്കാക്കുന്നു. എന്നാൽ 2010-ലെ കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നാളിതുവരെ ഇതര സംസ്ഥാന തൊഴിലാളികളായ 52422 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പിനുവേണ്ടി 2015-ൽ ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 2500000 അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ബീഡി ഉല്പാദകർ

194 (2474) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ സംഘങ്ങൾ ഉൾപ്പെടെ എത്ര ബീഡി ഉല്പാദകർ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നും ഏതൊക്കെ ഉല്പാദകരുടെ കീഴിലാണ് ജോലി ചെയ്യുന്നതെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോട്ടലുകൾ എന്നീ തൊഴിൽ മേഖലകളിലെ പരിശോധനകൾ

195 (2475) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ടെക്സ്റ്റൈൽ ഷോപ്പുകളിലും ഹോട്ടലുകളിലും അന്യ സംസ്ഥാനത്തു നിന്നുമുള്ള ജീവനക്കാരെ ജോലിക്കായി നിയോഗിക്കുമ്പോൾ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly